

# വൈഖരി

# വൈഖരി

പ്രസിദ്ധീകരിക്കുന്നത് :

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് (LK/2019/40008)


## ഗുരുദേവ ഹൈസ്ക്കൂൾ , പിറവന്തൂർ

# ഞങ്ങളുടെ വിദ്യാലയം
# ഞങ്ങളുടെ ഗുരുദേവ ......




## ഗുരുദേവ ....56 -ന്റ നിറവിൽ

# ഞങ്ങളുടെ സാരഥി.....



## ശ്രീ.വി.വി.മോഹൻരാജ്

ഹെഡ്മാസ്റ്റർ,

ചീഫ് എഡിറ്റർ

ജി.ഡി.എച്ച് .എസ് ,പിറവന്തൂർ.

# വൈഖരി

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് (LK/2019/40008)

## ഗുരുദേവ ഹൈസ്ക്കൂൾ , പിറവന്തൂർ

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ ........ ശ്രീ .വി . വി മോഹൻരാജ് ( ഹെഡ്മാസ്റ്റർ )

സ്റ്റാഫ് എഡിറ്റേഴ്സ് ...... സ്മിതാ രാജ് , ലിറ്റി .എം (കൈറ്റ് മാസ്റ്റേഴ്സ് )

സ്റ്റുഡൻറ് എഡിറ്റർ ........... ആര്യ ജീവൻ ( കൈറ്റ് ലീഡർ )

സബ് എഡിറ്റേഴ്സ് .......... വിവിയ . കെ . ജോൺസൺ

അഫ്സാന . എം . റെഷീദ്

കല്ല്യാണി . പി .എസ്

കവർ പേജ് ......... സ്നേഹ . ജെ

# "വൈഖരി "ഞങ്ങളുടെ കൈകളിലൂടെ



# പ്രണാമം




**പ്രളയത്തിൽ കൊഴിഞ്ഞ ജീവിതങ്ങൾക്ക്**

**മുമ്പിൽ...........**

# സന്ദേശം

പിറവന്തൂർ ഗുരുദേവ ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് 2019-2021 യൂണിറ്റിലെ വിദ്യാർത്ഥികൾ തയാറാക്കിയ "വൈഖരി" എന്ന സ്ക്കൂൾ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം
ഹെഡ്മാസ്റ്റർ


പിറവന്തൂർ ഗുരുദേവ ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് 2019-2021 യൂണിറ്റിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ "വൈഖരി" എന്ന സ്കൂൾ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം.

പിറവന്തൂർ.

GURUDEVA H S
PIRAVANTHOOR


MOHANRAJ. V. V
HEADMASTER
GURUDEVA HIGH SCHOOL
PIRAVANTHOOR - 689 696

# സന്ദേശം

ഈ  വർഷത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ മാഗസിൻ **"വൈഖരി"** തയ്യാറാക്കാൻ പ്രയത്നിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഈ സ്കൂളിലെ S.I.T.C  ആയ എന്റെ പേരിലുള്ള എല്ലാവിധ ആശംസകളും നേരുന്നു

**S.I.T.C**

**രമാ ദേവി**


ഈ വർഷത്തെ Little kites യൂണിറ്റിന്റെ മാഗസിൻ 'വൈഖരി' തയ്യാറാക്കാൻ പ്രയത്നിച്ച എല്ലാ Little kites അംഗങ്ങൾക്കും. ഈ സ്കൂളിലെ SITC ആയ എന്റെ പേരിലുള്ള എല്ലാവിധ ആശംസകളും നേരുന്നു.

SITC

Remadevi. L

# ഉള്ളടക്കം

താലോലം കിളി.....21
ഞാനില്ല.....20
ഇടറിപ്പോയ ബാല്യം.....14
കലകൾ.....20
പൂ വിരിഞ്ഞു.....17
അവധിക്കാലം.....19
ആത്മാവിന്റെ വെളിപാടുകൾ.....33
ഓർമ്മകളുടെ ഓണം.....25
പ്രതിജ്ഞ.....12
മഞ്ഞുതുള്ളികൾ.....18
മാനത്തും താഴത്തും.....16
വിശ്രമസ്ഥാനം.....13
അയ്യോ പാവം.....32
ആകാശത്തിലെ കിളി.....19
ആരു ഞാനാകണം.....27
എന്റെ സ്വപ്നം.....23
കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ.....29
കൂട്ടുകാരേ!.....15
ജീവിതം.....22
ഞങ്ങൾ പറയാം പ്രകൃതിയെ കുറിച്ച്.....51
തത്തമ്മയും പ്രാവും.....39
പച്ചതത്ത.....21
പുകയില ചീത്തയാണ്.....40
പുഴയുടെ കാലം.....24
പ്രളയം വിഴുങ്ങിയ കേരളം 2018.....41
ബുദ്ധിമാനായ മുയലും അഹങ്കാരിയായ സിംഹവും.....34
സ്വർണമുട്ട.....36

# ആമുഖം

ഭാഷയുടെ ജാഗ്രദവസ്ഥയാണ് "വൈഖരി " . ഉച്ചസ്വരത്തിൽ പുറത്തുവരുന്ന ചിന്തയുടെ ശബ്ദരൂപമാണ് "വൈഖരി " .ധ്വനിരൂപത്തിലുള്ള ഭാഷാവ്യവഹാരത്തെയാണ് "വൈഖരി " അർത്ഥമാക്കുന്നത്.ഞങ്ങളുടെ ഈ "വൈഖരി " ഞങ്ങളുടെ ഒരു എളിയ ശ്രമം മാത്രം.

മാതൃദേവോ ഭവ:

# പ്രതിജ്ഞ

ഒരമ്മതന്നുടെ മക്കൾ നാം
ഒരൊറ്റജാതിയിലുള്ളവർ നാം
ഒരു സത്യത്തിൽ ശക്തികൾ നാം
ഒരു രക്തത്തിൽ പൂവുകൾ നാം
ലോകം നമ്മുടെ തറവാട്
സ്നേഹം നമ്മുടെ കുലദൈവം
സത്വഗുണങ്ങൾ കൂട്ടുകാർ
മത്സരമില്ല മടിയില്ല
ഭർത്സനമില്ല ഭയമില്ല

കർമ്മത്തിൻ പടയാളികൾ നാം
ധർമ്മത്തിൻ പരിരക്ഷകർ
അറിവുകളെല്ലാം നേടും നാം
അജയ്യശക്തികളാകും നാം
നാടിനു നന്മകൾ ചെയ്യും നാം
നാളെകൾ നമ്മുടെ നാളുകളാകാം.

# വിശ്രമസ്ഥാനം

നിശ എന്നെ പുതപ്പിക്കുമ്പോഴും
എനിക്ക് വിശ്രമമില്ല
നിശാഗന്ധി പൂക്കുമ്പോൾ
ഞാനതാസ്വദിക്കാൻ നിൽക്കില്ല
മഴത്തുള്ളികൾ എന്നിലലിഞ്ഞുചോർന്ന്
ഞാനായി പരിണമിക്കുമ്പോഴും
മത്സ്യങ്ങൾ പുറംലോകം കാണാനായി
ചാടുമ്പോഴും എനിക്ക് വിശ്രമമില്ല
ഒഴുക്കുന്ന വഴിയിൽ
മാലിന്യങ്ങൾ തള്ളുമ്പോഴും
ഞാനത് അറിഞ്ഞതായി നടിക്കില്ല
സൂര്യൻ എന്നെ നോക്കി കണ്ണിറുക്കുമ്പോഴും
ഞാൻ തിരിച്ച് കണ്ണിറുക്കാറില്ല
വെയിലിൽ വജ്രമോതിരമായി തിളങ്ങുമ്പോൾ
മഴവില്ലെന്നെ നോക്കി ചിരിക്കാറുണ്ട്
ഇപ്പോൾ ഞാൻ വിശ്രമസ്ഥാനം
തേടി അലയുകയാണ്

# ഇടറിപ്പോയ ബാല്യം

പാതയോരത്തെ കടത്തിണ്ണയിൽ
തളച്ചിട്ട ബാല്യം
പാതി നിറഞ്ഞ മിഴികളുമായ് കാണുന്നു
സ്കുൾ വിട്ടു വീട്ടുലേക്ക്
കുട്ടമായി നീങ്ങുന്ന കുട്ടികൾ
ചന്നംപിന്നം പെയ്യുന്ന മഴയിൽ
ചറപറ പറഞ്ഞ് ആർത്തുചിരിക്കുന്നവർ
ഒരു കുടക്കീഴിൽ നീങ്ങുന്നവർ
ക്ലാസിലെ വിശേഷങ്ങൾ
കളിയിലെ തോൽവികൾ

എന്റെ സ്വപ്നങ്ങൾ ചിതറിത്തെറിക്കുന്നു
സ്കൂൾ വിട്ടുപോകും കുട്ടികൾക്കിടിയിൽ
പരതുന്നു ഞാനെന്റെ ബാല്യം
ഇടറുന്ന കാലമായി നീങ്ങുമെന്നച്ഛനും
അർത്ഥമില്ലാതെ പുലമ്പുന്നൊരമ്മയ്ക്കും
ഇടയിൽ ഇടറിപ്പോയ എന്റെ ബാല്യം

# കൂട്ടുകാരേ!

മഴ ചൊരിഞ്ഞൂ

പുഴ കവിഞ്ഞൂ
പുഴ കടക്കാൻ
പുതിയ തോണി!
പുതിയ തോണി
തുഴഞ്ഞു പോവാൻ
തുണ വരുമോ
കൂട്ടുകാരെ!
കഥ പറയും
കൂട്ടുകാരെ!
കവിത മൂളും
കൂട്ടുകാരെ!

# മാനത്തും താഴത്തും

അമ്പിളി ചിരിക്കും മാനത്ത്
തുമ്പ ചിരിക്കും താഴത്ത്
സൂര്യനുദിക്കും മാനത്ത്
സൂര്യകാന്തികൾ താഴത്ത്
താരകൾ തെളിയും മാനത്ത്
താമര വിരിയും താഴത്ത്
മാരിവില്ല് മാനത്ത്
മാനും മയിലും താഴത്ത്

# പൂ വിരിഞ്ഞു

പൂ  വിരിഞ്ഞൂ  മുറ്റത്തൊരു
പൂ  വിരിഞ്ഞൂ!

പൂവിന്റെ പേരെന്ത് ?
പൂത്തിലഞ്ഞി!

പൂ  വിരിഞ്ഞൂ മാനത്തൊരു
പൂ  വിരിഞ്ഞൂ!

പൂവിന്റെ പേരെന്ത് ?
പൂനിലാവ്!

# മഞ്ഞുതുള്ളികൾ

മുത്തുച്ചിപ്പികൾക്കുള്ളിൽ തിളങ്ങും
മുത്തുകൾ പോൽ
സൂര്യപ്രഭയിൽ
മുഞ്ഞുതുള്ളികൾ തിളങ്ങവെ
പനിനീർപൂകൾ തൻ കവിളിൽ തലോടി
നീ മന്ദഹസിക്കുമ്പോൾ
പനിനീർപൂവിൻ സുഗന്ധത്താൽ നീ
കോൾമയിർ കൊള്ളുന്നു
സൂര്യകിരണങ്ങൾ നിന്നിൽ
ആയിരം വർണ്ണങ്ങൾ വിരിവേ
ആ മനോഹരദൃശ്യം ആസ്വദിക്കാനെൻ
ഹൃദയം വെമ്പൽ കൊള്ളുന്നു.
സൂര്യപ്രഭ നിന്നോടു കിന്നാരം ചൊല്ലാനന്നവയേ
നീ യവനികയ്ക്കുള്ളിൽ മറയുന്നു
എന്നെപിരിയുമീ വേളയിൽ
നിനക്കുഞാനെന്തു തരേണ്ടു?
മഞ്ഞുതുള്ളി എന്നോടു നിമന്ത്രിച്ചു
അവസാനത്തെ മഞ്ഞുതുള്ളിയും
യാത്ര പറയുമ്പോൾ.......
ചുണ്ടിൽതരാതെപോയ
ആ ചുംബനം വിറങ്ങലിക്കുമ്പോൾ.......
എന്റെ ലോലമാം ഹൃദയത്തിനുമേൽ
നീ ഒരു പനിനീർപൂവ് വയ്ക്കുക
മതി; ഈ മഞ്ഞുതുള്ളിക്കിനി മറ്റൊന്നും വേണ്ട!

# ആകാശത്തിലെ കിളി

ആകാശവീഥിയിലൂടെ പാറി നടക്കും
കുഞ്ഞിക്കിളിയെ......
നീ എൻ കൂടെ പോരുമോ
കായ്കൾ തരാം കനികൾ തരാം
നീ എൻ കൂടെ പോരുമോ
ഇളംകാറ്റിൽ പാറി നടക്കും
കുഞ്ഞിക്കിളിയെ പോരുമോ
വെയിലേറ്റ് പറക്കാതെ
കുഞ്ഞിക്കിളിയെ പോരുമോ
കുഞ്ഞി ചിറകു തളർത്താതെ
നീ എൻ കൂടെ പോരുമോ
കുഞ്ഞിക്കിളിയെ
പോരുമോ?

# അവധിക്കാലം

കാത്തിരുന്ന കാത്തിരുന്ന
ദിവസമല്ലേ ഇന്ന്
കളിചിരിയുടെ ദിവസമല്ലേ
അവധിക്കാലമല്ലേ
ചേച്ചി വന്നേ ചേട്ടാ വന്നേ
കുട്ടനൊപ്പം കളിക്കാൻ വന്നേ

# ഞാനില്ല

ഇത്തരിയുള്ളോരു പച്ചക്കുതിരേ
പത്തിരി തിന്നാൻ വരുമോ നീ...
ഒത്തിരി തിന്നു തടിക്കും കുഞ്ഞേ
പത്തിരി തിന്നാൻ ഞാനില്ല....

# കലകൾ

നൃത്തമാടും കുഞ്ഞൊരു
കൊച്ചു കലാകാരിയാണേ
പാട്ടുപാടും കുഞ്ഞൊരു,
കലാകാരിയാണേ
കൊച്ചു കലാകാരിയാണേ
മേളം കാട്ടും കുഞ്ഞൊരു
കലാകാരിയാണേ
കരവിരുതു കാട്ടും കുഞ്ഞൊരു
കലാകാരിയാണേ
കൊച്ചു കലാകാരിയാണേ
കൂട്ടം കൂടി പോവുന്നേ

# പച്ചതത്ത

ഉച്ചവെയിൽ കായും കൊച്ചുതത്തേ
പച്ചപ്പട്ടാട പുതപ്പിച്ച തത്തേ
കൊച്ചരിക്കണ്ണുള്ള കൊച്ചു തത്തേ
തത്തിക്കളിച്ചു വാ പച്ചതത്തേ
പച്ചതത്തേ വന്നാട്ടേ
അത്തിമരത്തിലിരുന്നാട്ടേ
നാട്ടു വിശേഷം ചൊന്നാട്ടേ.....

# താലോലം കിളി

ഒന്നാം മലകേറി
ചെന്നപ്പോഴേകിളി
ഒന്നരവട്ടക തേനെടുത്തേ
തേനെടുത്താംകിളി
കതിരെ എടുത്താം കിളി
തേനും കൊണ്ടക്കിളി താലോലം
തങ്കത്തി തറുകത്തി
താലോലം കിളി
താലോലം കിളി താലോലം

# ജീവിതം

**ജനിച്ചാൽ മരണമുണ്ടെന്നറിഞ്ഞിരുന്നെങ്കിൽ**

**ഞാൻ ജനിക്കുമായിരുന്നില്ല**

**ഒരു മരം നടുമ്പോൾ അതിന്റെ  ഫലം ലഭിച്ചിരുന്നില്ലെങ്കിൽ**

**ഞാൻ ചിരിക്കുമായിരുന്നില്ല**

**സുഖത്തിനു ശേഷം ദുഖമുണ്ടെന്നറിഞ്ഞിരുന്നെങ്കിൽ**

**ഞാൻ സുഖിക്കുമായിരുനല്ല**

**നല്ലൊരു സുഹൃത്തിനെ കിട്ടിരുന്നില്ലെങ്കിൽ**

**ഞാൻ എന്റെ ജീവിതം പാഴാക്കുമായിരുന്നു**

**എല്ലാ തുടക്കത്തിനും ഒടുക്കമുണ്ടെന്നറിഞ്ഞിരുന്നെങ്കിൽ**

**ഞാൻ  തുടങ്ങുമായിരുന്നില്ല.**

# എന്റെ സ്വപ്നം

നിദ്രതൻ ആഴക്കടലിലേക്കാഴ്ന്നി-
റങ്ങുമ്പോൾ അറിയാതെ മനസ്സിൽ
പതിയുന്ന ചിത്രം-സ്വപ്നം
കുടിലിൽ തലചായ്ക്കും കുചേലൻ മുതൽ
ഭൂഗോളത്തിനധിപനാം കുബേരന്നു
വരേ ഒരുപോൽ കാണുവാനാകുന്നചിത്രം
പലപല നാട്ടിലുടങ്ങനെപോകും
നാം ഒടുവിലന്ത്യം കണ്ടെത്തും പ്രഭാതത്തിൽ
കുതിരതൻ കടിഞ്ഞാൺ വലിച്ചു നീട്ടി-
യാരോ അതാവർത്തിക്കുന്നപോൽ
നാം ഞെട്ടിയുണരും
പലപല സ്വപ്നങ്ങൾ
പലപല വർണ്ണങ്ങൾ
തറയിൽ കൊഴിഞ്ഞു പോം
പാവമാം പുഷ്പത്തെ ഒന്നു
പുനർജ്ജീവിപ്പിക്കുന്ന എന്റെ സ്വപ്നം
മരുഭൂമി മണലിനെവിത്തിട്ടു
വിളയിച്ചു നെൽവയലാക്കുന്ന എന്റെ സ്വപ്നം
ഒടുവിലൊരു നാടിനെടന്നെയും
നല്ലവരാക്കുവാനുള്ളശ്രമം
അങ്ങനെനിന്നു ഞാൻ കണ്ടു-
വെൻ മുന്നിൽ നല്ലൊരു
നാടിന്റെ തിരയിളക്കം
കള്ളവുമില്ല കൊലയുമില്ലത്തൊരു
മാവേലിനാടിനെകണ്ടറിഞ്ഞു
പെട്ടെന്നു ഞെട്ടിയുണർന്നു
നോക്കുമ്പോൾ കണ്ടത്
മുറ്റത്തെ ചക്കരമാവും വയലും
ആ നിമിഷം, ഒരു ഞെട്ടലോടെ
ആ യാഥാർത്ഥ്യം ഞാനാറിഞ്ഞു
ഇതുവെറും സ്വപ്നമെന്ന്

# പുഴയുടെ കാലം

**സ്നേഹിക്കുന്നതിനുമുമ്പ്**

നീ കാറ്റും
ഞാനിലയുമായിരുന്നു.
കൊടുംവേനലിൽ
പൊള്ളിയ കാലം
നിനക്കുകരയാനും
ഒരു മഴയാകാനും കഴിഞ്ഞിരുന്നു.
തപ്തമായ എന്റെ നെഞ്ചിൽതൊട്ടുകൊണ്ട്
നിന്റെ വിരലുകൾക്ക്
ഉഷ്ണമാപിനിയാകാനും കഴിഞ്ഞിരുന്നു.
ഞാൻ തടാകമായിരുന്നു.
എന്റെ മുകളിൽ
നീയൊരു മഴവില്ലായിരുന്നു.
ഒരു കർക്കിടകത്തിൽ
നമ്മൾ മാത്രം
മഴത്തുള്ളികളായിരുന്നു.
ഒരു ഋതുവിലൂടെ
നിന്റെ ചിരിക്ക്
വസന്തമാകാൻ കഴിഞ്ഞിരുന്നു.
ഒരു മഞ്ഞത്ത്
നമ്മൾ മാത്രം
പുൽക്കൊടികളായിരുന്നു.
ഒഴിവുകാലത്ത് നമ്മളും
ഒരു ഋതുവിൽനിന്ന്
ആൾക്കൂട്ടവും പിരിഞ്ഞു.
ഒരു ശൈത്യത്തിൽ
മരപ്പൊത്തിലൂടെ
വലംകൈയിലെ
ചൂണ്ടുവിരലിലൂടെ
നിനക്കു നീലയാകാൻ കഴിഞ്ഞു.

# ഓർമ്മകളുടെ ഓണം

ജന്മനാട്ടിൽ ചെന്നു വണ്ടിയിറങ്ങവേ
പുണ്ണുതോറും കൊള്ളിവെച്ചപോലോർമ്മകൾ

വായ മുലയിൽ നിന്നെന്നേക്കുമായ് ചെന്നി-
നായകം തേച്ചു വിടർത്തിയോരമ്മയെ,

വാശിപിടിച്ചു കരയവേ ചാണകം
വായിലുരുട്ടിത്തിരുകും അമ്മൂമ്മയെ,

പപ്പടം കാച്ചുന്ന കമ്പി ചൂടാക്കിയെൻ
കൊച്ചുതുടയിലമർത്തിയ ചിറ്റമ്മയെ,

പന്തു ചോദിക്കവേ മൊന്തയെടുത്തെൻറെ
നെഞ്ചത്തെറിഞ്ഞ പിശാചി അമ്മായിയെ,

പുത്തൻ കയറാൽ കമുകിലെന്നെപ്പണ്ടു
കെട്ടിവരിഞ്ഞ കിരാതനമ്മാവനെ,

മുട്ടൻ വടികൊണ്ടടിച്ചു പുറം പൊളി-
ച്ചട്ടഹസിച്ച കോപിഷ്ഠനാമച്ഛനെ,

പിന്നെപ്പിറന്നവനാകയാൽ എന്നിൽ നി-
ന്നമ്മയെ തട്ടിപ്പറിച്ചോരനുജനെ,

തിന്നുവാൻ ഗോട്ടികൊടുക്കാഞ്ഞ നാൾ മുതൽ
എന്നെ വെറുക്കാൻ പഠിച്ച നേർപെങ്ങളെ,

ഒന്നിച്ചു മുങ്ങിക്കുളിക്കുമ്പോഴെൻ തല
പൊങ്ങാതെ മുക്കിപ്പിടിച്ച ചങ്ങാതിയെ,

ബഞ്ചിനുമേലെകയറ്റിനിറുത്തിയെൻ
പിഞ്ചുഹൃദയം ചതച്ച ഗുരുവിനെ,

ആദ്യാനുരാഗപരവശനായി ഞാൻ
ആത്മരക്തം കൊണ്ടെഴുതിയ വാക്കുകൾ

ചുറ്റുമിരിക്കും സഖികളെക്കാണിച്ചു
പൊട്ടിച്ചിരിച്ചുരസിച്ച പെണ്കുട്ടിയെ,

ഉള്ളില്ക്കലിയും കവിതയും ബാധിച്ചു
കൊല്ലപ്പരീക്ഷക്കു തോറ്റുനടക്കവേ

ബാധയൊഴിക്കാൻ തിളച്ച നെയ്യാലെൻറെ
നാവു പൊള്ളിച്ചൊരാ ദുർമന്ത്രവാദിയെ,

പൊട്ടിയെ കൈകൊട്ടിയാട്ടുന്നപോലെന്നെ
നാട്ടില്നിന്നാട്ടിക്കളഞ്ഞ ബന്ധുക്കളെ,

അന്നു ത്രിസന്ധ്യയ്ക്കുതൻ നടയിൽ നിന്നു
വിങ്ങിക്കരഞ്ഞുകൊ 'ണ്ടെന്നെ രക്ഷിക്കണേ'

യെന്നു തൊഴുകൈയുമായിരന്നെങ്കിലും
കണ്ണുതുറക്കാഞ്ഞൊരാപ്പെരുങ്കാളിയെ,

എന്നും മറക്കാതിരിക്കുവനല്ലി ഞാൻ
വന്നു പോകുന്നതിങ്ങോണദിനങ്ങളിൽ.

# ആരു ഞാനാകണം

ആരു ഞാനാകണം എന്നുണ്ണി ചോദിക്കി-
ലാരാകിലും നല്ലതെന്നുത്തരം!
ഉച്ചയ്ക്ക് തീവെയിൽ കൊള്ളുന്ന പൂവിനെ
തൊട്ടുതലോടും തണുപ്പാവുക...
ഇറ്റുവെള്ളത്തിനായ് കേഴുന്ന ജീവൻറെ
ചുണ്ടിലേക്കിറ്റുന്ന നീരാവുക...
ആപത്തിലൊറ്റയ്ക്കു നിൽക്കുന്നൊരുത്തൻറെ
കൂടെക്കരുത്തിന്റെ കൂട്ടാവുക...
വറ്റിവരണ്ടു വായ് കീറിയ മണ്ണിൻറെ
യുള്ളം നിറയ്ക്കുന്ന മഴയാവുക...
വെയിലേറ്റു വാടിത്തളർന്നോരു പാന്ഥന്നു
പായ് വിരിയ്ക്കും തണൽ മരമാവുക..
മഴയത്തു പുസ്തകം നനയാതെ കാക്കുവാൻ
വലയുന്ന കുഞ്ഞിന്നു കുടയാവുക...
വഴിതെറ്റിയുൾക്കടലിലിരുളിൽക്കിതയ്ക്കുന്ന
തോണിയ്ക്കു ദിശതൻ വിളക്കാവുക...
ഉറ്റവരെയാൾക്കൂട്ടമൊന്നിലായ് തിരയുന്ന,
കരയും കുരുന്നിന്നു തായാവുക...
ആഴക്കയത്തിലേയ്ക്കാഴ്ന്നു താഴും ജീവ-
നൊന്നിന്നുയിർപ്പിന്റെ വരമാവുക...
വയറെരിഞ്ഞാകേ വലഞ്ഞോനൊരുത്തൻറെ
പശിമാറ്റുമുരിയരിച്ചോറാവുക...
അന്തിയ്ക്ക് കൂടണഞ്ഞീടുവാൻ മണ്ടുന്ന
പെണ്ണിന്റെ കൂടപ്പിറപ്പാവുക...
ആകെത്തണുത്തു വിറയ്ക്കുന്ന വൃദ്ധന്നു
ചൂടിന്റെ രോമപ്പുതപ്പാവുക...
അറിവിന്റെ പാഠങ്ങളൊക്കേയുമരുളുന്ന

**ഗുരു സമക്ഷം കൂപ്പുകയ്യാവുക...**
**നിലതെറ്റി വീഴുന്ന കൂടപ്പിറപ്പിനെ-**
**ത്താങ്ങുന്നൊരലിവിന്റെ നിഴലാവുക...**
**അച്ഛനുമമ്മയ്ക്കുമെപ്പോഴുമുണ്ണി നീ**
**വളരാതെയൊരുനല്ല മകനാവുക!**
**ആരുഞാനാകണം എന്നുണ്ണി ചോദിക്കി-**
**ലാരാകിലും നല്ലതെന്നുത്തരം!**

# കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ

കുഞ്ഞുണ്ണിക്കൊരു മോഹം
എന്നും കുഞ്ഞായിട്ടു രമിക്കാൻ
കുഞ്ഞുങ്ങൾക്കു രസിച്ചീടുന്നൊരു
കവിയായിട്ടു മരിക്കാൻ

സത്യമേ ചൊല്ലാവൂ
ധർമ്മമേ ചെയ്യാവൂ
നല്ലതേ നൽകാവൂ
വേണ്ടതേ വാങ്ങാവൂ

ഞാനെന്റെ മീശ ചുമന്നതിന്റെ
കൂലിചോദിക്കാൻ
ഞാനെന്നോടു ചെന്നപ്പോൾ
ഞാനെന്നെ തല്ലുവാൻ വന്നു.

പൂച്ച നല്ല പൂച്ച
വൃത്തിയുള്ള പൂച്ച
പാലു വച്ച പാത്രം
വൃത്തിയാക്കി വച്ചു.

എനിക്കുണ്ടൊരു ലോകം
നിനക്കുണ്ടൊരു ലോകം
നമുക്കില്ലൊരു ലോകം.

മഴ മേലോട്ട് പെയ്താലേ
വിണ്ണു മണ്ണുള്ളതായ് വരൂ
മണ്ണുള്ള ദിക്കിലുള്ളോർക്കേ
കണ്ണു കീഴോട്ടു കണ്ടിടൂ

കാലമില്ലാതാകുന്നു
ദേശമില്ലാതാകുന്നു
കവിതേ നീയെത്തുമ്പോൾ
ഞാനുമില്ലാതാകുന്നു

പൊക്കമില്ലാത്തതാണെന്റെ പൊക്കം

മന്ത്രിയായാൽ മന്ദനാകും
മഹാ മാർക്സിസ്റ്റുമീ
മഹാ ഭാരതഭൂമിയിൽ

ആറുമലയാളിക്കു നൂറുമലയാളം
അരമലയാളിക്കുമൊരു മലയാളം
ഒരുമലയാളിക്കും മലയാളമില്ല

പൂവു പോലുള്ളതാകേണം
പുഴ പോലുള്ളതാകേണം
ആഴി പോലുള്ളതാകേണം
കാവ്യമെന്നേ വിളങ്ങീടു

ചെറിയ കുറുപ്പിനു പണ്ടേയുണ്ടേ ചെറിയൊരു ദുഃശീലം
ഉറക്കമുണർന്നാൽ മുറുക്കു തിന്നണമെന്നൂരു ദുഃശീലം
ചെറിയ കുറുപ്പിനു പിന്നെയുമുണ്ടേ വലിയൊരു ദുഃശീലം
മുറുക്കു തിന്നാലുടനെ മുറുക്കണമെന്നൊരു ദുഃശീലം..!

ഉറുമ്പുറങ്ങാറുണ്ടെന്നെനിക്കറിയാം
പക്ഷെ, സ്വപ്നം കാണാറുണ്ടോ എന്നറിയില്ല
അതിനാൽ ഞാൻ അജ്ഞാനി..!

ജീവിതം മറ്റാർക്കും പകുക്കാൻ കഴിയാഞ്ഞു,
ഞാനെന്നെത്തന്നെ വേളി കഴിച്ചുകൂടീടുന്നു..!

തുള്ളി ക്കൊണ്ട് വരുന്നുണ്ടേ.....
തുള്ളിക്കൊരു കുടം എന്ന മഴ....
കൊള്ളാമീ മഴ, കൊള്ളരുതീ മഴ...
കൊള്ളാം കൊള്ളാം പെയ്യട്ടെ....!!!

ഒന്നെന്നെങ്ങനെയെഴുതാം
വളവും വേണ്ട, ചെരിവും വേണ്ട,
കുത്തനെയൊരു വര,
കുറിയ വര,
ഒന്നായി, നന്നായി,
ഒന്നായാൽ നന്നായി, നന്നായാൽ ഒന്നായി..!

പൂ വിരിയുന്നതു കണ്ടോ പുലരി വിരിയുന്നു?
പുലരി വിരിയുന്നതു കണ്ടോ പൂ വിരിയുന്നു..?

# അയ്യോ പാവം

അമ്മത്താറാവും കുഞ്ഞിത്താറാവും നീന്താൻ പോയി
പെട്ടെന്ന് മഴ വന്നു
രണ്ടുപേരും
കരയിലേക്ക് നീന്താൻ തുടങ്ങി
കുഞ്ഞിത്താറാവ് തളർന്നു
കുളത്തിൽ മുങ്ങിത്താഴ്ന്നു
കുഞ്ഞിത്താറാവിനെ കുഞ്ഞനാമ കരയിലെത്തിച്ചു
അമ്മത്താറാവിനു സന്തോഷമായി
കുഞ്ഞനാമയ്ക്ക് നന്ദി പറഞ്ഞു .

# ആത്മാവിന്റെ വെളിപാടുകൾ

പുലർച്ചക്ക് മുമ്പേയുള്ള ഏകാന്തവും നിശ്ശബ്ദവുമായ വിനാഴികകളാണ്.ആകാശവും ഭൂമിയും മരങ്ങളും മനുഷ്യരും മറ്റു ജീവജാലങ്ങളും ഗാഢനിദ്രയിൽ.ആകാശത്തിന്റെ നിഴൽപോലെ ഭൂമിയിൽ വെളിച്ചമുണ്ട്.

അയാൾ അന്നേരം കോട്ടയോടു ചേർന്നുള്ള വഴിയിൽ നിൽക്കുകയായിരുന്നു.വന്യവും ക്രൂരവുമായ ഒരു ചുഴയിലിളക്കത്തിന്റെ ക്ഷീണവും തളർച്ചയും കൊണ്ടു തകർന്ന നിലയിൽ രണ്ടു ദിവസം വീടിനുള്ളിൽ കിടന്നു.പുലർച്ചക്കു മുമ്പ് ഒരു ദുഃസ്വപ്നത്തിൽ നിന്ന് ഞെട്ടിയുണർന്നപ്പോൾ തോന്നിയതു വെറുതെ പുറത്തിറങ്ങി നടക്കാനാണ്.കുറച്ചുദൂരം എന്നെ വിചാരിച്ചുള്ളൂ.എന്നാൽ ഇപ്പോൾ
എത്ര ദൂരം നടന്നെന്ന് ഓർമ്മയില്ല.സമയക്കാലങ്ങളുടെ തീരങ്ങൾക്കൊക്കെ അക്കരെ ഏതോ ഒരനാദിയിൽനിന്ന് യാത്ര തുടരുകയാണെന്നാണെന്നാണ് അപ്പോൾ
തോന്നിയത്.പ്രകൃതിയുടെ ആത്മാവിൽ നിന്നുയരുന്ന മൗനത്തിന്റെ മൊഴികൾ കേട്ടുക്കൊണ്ടു നടക്കുമ്പോൾ സെന്റ് പീറ്റേഴ്സ്ബർഗ് നഗരം പ്രപഞ്ചമായി വികസിച്ചു.ആ ഉദയപ്പൂർവ്വനിമിഷങ്ങളിൽ പ്രപഞ്ചവും താനും മാത്രം.ഒരു മഹാവിജനതയിൽ സ്ഥിതിചെയ്യുന്ന കോട്ട.ദൂരെ നിശ്ചലമായി നിൽക്കുന്ന പോപ്ലാർമരങ്ങൾ.മരക്കൊമ്പുകൾക്കിടയിലൂടെ കാണാവുന്ന പള്ളിഗോപുരം.അവയൊക്കെയും മൂടിക്കിടക്കുന്ന നിഗൂഢതയിൽനിന്ന് നിശ്ശബ്ദവും ഏകാന്തവും നിഞ്ചലവും പ്രകാശപൂർണവുമായ അനശ്വരതയുടെ സങ്കീർത്തനം അയാൾ വായിച്ചു.
ആ പ്രശാന്തതയിൽനിന്ന് യാത്ര തുടരുമ്പോൾ അയാൾ ഓർക്കുകയായിരുന്നു.ഈ അനശ്വരതയുടെ തൊട്ടരികിൽ തന്റെ ജീവിതത്തിന്റെ  അനുഭവതലം ഏതു വിധത്തിലാണ്.

# ബുദ്ധിമാനായ മുയലും അഹങ്കാരിയായ സിംഹവും.

പണ്ട് ഒരു കാട്ടിൽ ഒരു സിംഹരാജാവുണ്ടായിരുന്നു. അവൻ വലിയ അഹങ്കാരിയായിരുന്നു. കാട്ടിലെ മൃഗങ്ങൾക്കെല്ലാം അവനെ വലിയ പേടിയായിരുന്നു അങ്ങനെയിരിക്കെ അവൻ കാട്ടിലെ മൃഗങ്ങളെയെല്ലാം കൊന്നു തിന്നുവാൻ തുടങ്ങി. പിന്നെ മൃഗങ്ങളുടെ കഷ്ടകാലം തുടങ്ങി.
ഒരിക്കൽ അവർ ഒന്നിച്ചുചേർന്നു ഒരു ദിവസം സിംഹത്തിന്റെ മുന്നിലെത്തി വിനയത്തോടെ പറഞ്ഞു. "സ്വാമീ, അങ്ങയുടെ കൃപ ഉണ്ടെങ്കിലേ അടിയങ്ങൾക്ക് ഈ കാട്ടിൽ ജീവിക്കുവാൻ കഴിയൂ. ശക്തരായവർ ഇങ്ങനെ ദുരാചാരം പ്രവർത്തിക്കുന്നതു വളരെ കഷ്ടമാണ്. രക്ഷിക്കേണ്ട പ്രജകളെയെല്ലാം അങ്ങു തന്നെ കൊന്നു ഭക്ഷിക്കുന്നത് ഒട്ടും ശരിയല്ല. ഞങ്ങളെല്ലാവരും ചേർന്ന് ഓരോ ദിവസവും ഓരോ മൃഗത്തെ അങ്ങേയ്ക്ക് ഭക്ഷണമായി തന്നു കൊള്ളാം അതു സ്വീകരിച്ചു അങ്ങ് തൃപ്തനായി കഴിയണം. പണ്ട് ഗരുഡനും പാമ്പുകളെ ഈ വ്യവസ്ഥയിൽ രക്ഷിച്ചിരുന്നുവല്ലോ." സിംഹത്തിനു മൃഗങ്ങളുടെ അഭിപ്രായം ഇഷ്ടപ്പെട്ടു. അന്നുമുതൽ ഓരോ ബലിമൃഗം സിംഹത്തിനു ദിവസവും ഇരയായിക്കൊണ്ടിരുന്നു.
മാസം ഒന്ന് കഴിഞ്ഞു. വൃദ്ധനായ ഒരു മുയലാണ് സിംഹത്തിന്റെ അന്നത്തെ ഇര. അത് തന്റെ ദുർവിധിയിൽ വല്ലാതെ ദുഖിച്ചു. എങ്ങനെ ഞാനിതിൽ നിന്ന് രക്ഷപെടും എന്നായി അതിന്റെ ചിന്ത. ബുദ്ധിമാന്മാർ വിചാരിച്ചാൽ നടക്കാത്ത കാര്യമില്ലല്ലോ. ഇങ്ങനെ ഓരോന്നു ചിന്തിച്ചു മുയൽ പതുക്കെ നടന്നു. സിംഹത്തിന്റെ മുൻപിൽ വളരെ വൈകിയാണ് അവൻ എത്തിയത്. സിംഹമാണെങ്കിൽ വിശന്നു

വലഞ്ഞിരിക്കുകയാണ്. കൃത്യസമയത്തു ഭക്ഷണമായി മൃഗം വന്നു കാണായ്കയാൽ സിംഹം കോപം കൊണ്ടു വിറച്ചു. മുയൽ വളരെ പേടിച്ചുകൊണ്ടാണ് അടുത്തുചെന്നത്. "ഇത്രയും വൈകിയതെന്ത്? എത്ര നേരമായി ഞാൻ വിശന്നിരിക്കുന്നു." സിംഹം മുയലിനെ ശകാരിച്ചു. മുയൽ വിനയപൂർവം തൊഴുതുകൊണ്ട് സിംഹത്തോട് പറഞ്ഞു:
"തമ്പുരാനെ അടിയൻ അങ്ങയുടെ മുന്നിലേക്ക് ധൃതിയിൽ വരികയായിരുന്നു. വഴിയിൽ മറ്റൊരു സിംഹം വന്നു എന്നെ പിടിച്ചുതിന്നുവാൻ ഒരുങ്ങി. ആ തടിയനെ പേടിച്ചു ഞാൻ കട്ടിൽ ഒരു വളഞ്ഞവഴിയിലൂടെ പോന്നതാണ്. അതാണ് ഇത്രയും താമസിച്ചത്. വൈകിയത് അടിയന്റെ കുറ്റമല്ല. സ്വാമി എന്നോട് ക്ഷമിക്കണം."
"നമ്മുടെ കാട്ടിൽ മറ്റൊരു സിംഹമോ? അവനെ കൊല്ലാതെ ഞാനിനി ഭക്ഷണം കഴിക്കില്ല. ആ ഭോഷൻ എവിടെയാണ് ഒളിച്ചിരിക്കുന്നത്?"
"തമ്പുരാനെ അടിയൻ ആ ധിക്കാരിയെ കാണിച്ചു തരാം" എന്നു പറഞ്ഞ് മുയൽ മുന്നിൽ നടന്നു. അലറിക്കൊണ്ട് സിംഹം പിന്നാലെയും.
മുയൽ ആഴമുള്ള ഒരു കിണറ്റിനരികിലെത്തി. "സ്വാമി ആ ദുഷ്ടൻ ഈ കിണറ്റിലാണ് ഒളിച്ചിരിക്കുന്നത്. അങ്ങ് തൃക്കൺപാർക്കണം." മുയൽ സവിനയം പറഞ്ഞു. ഉടനെ സിംഹം കോപത്തോടെ കിണറ്റിനുള്ളിലേക്കു നോക്കി. തെളിഞ്ഞ വെള്ളത്തിലതാ ഒരു വൻസിംഹം തുറിച്ചു നോക്കുന്നു. ഭയങ്കരൻ! കോപത്തോടെ സിംഹം അലറി. എതിരാളി ഉണ്ടോ വിട്ടു കൊടുക്കുന്നു. അവനും അതേപോലെ തന്നെ അലറി.
"ധിക്കാരി, എന്നെപ്പോലെ നീയും അലറുന്നോ? നിന്നെ ഞാൻ കൊന്നു കളയുന്നുണ്ട്" എന്ന് പറഞ്ഞു സിംഹം അട്ടഹസിച്ചു. വിട്ടുകൊടുത്തില്ല. കിണറ്റിനുള്ളിൽനിന്നും അതിനേക്കാൾ ഉഗ്രമായ അട്ടഹാസം ഉയർന്നു. വിഡ്ഢിയായ ആ സിംഹം

ശത്രുവിനെ കൊല്ലുവാൻ കിണറ്റിലേക്കെടുത്തുചാടി. അവൻ വെള്ളത്തിൽ മുങ്ങിപ്പൊങ്ങി. വെള്ളം കുടിച്ചു. അവന്റെ കൈകാലുകൾ കുഴഞ്ഞു. അവസാനം അവന്റെ ശ്വാസം നിലച്ചു. വെള്ളത്തിൽ സ്വന്തം പ്രതിരൂപം കണ്ടു തിരിച്ചറിയാൻ പോലും ബുദ്ധിയില്ലാത്ത സിംഹം അങ്ങനെ ചത്തു മലച്ചു. ബലമുണ്ടായിട്ടെന്തു കാര്യം? മുയൽ സന്തോഷത്തോടെ മടങ്ങിപ്പോവുകയും ചെയ്തു.

ഗുണപാഠം .. നമ്മുടെ അഹങ്കാരം നമുക്ക് ആപത്തുണ്ടാക്കും

# സ്വർണമുട്ട

വളരെ പണ്ട് നടന്ന കഥയാണ്. ഒരു ഗ്രാമത്തിൽ ഒരു കൃഷിക്കാരൻ ജീവിച്ചിരുന്നു. അയാൾ ഒരു പാവപ്പെട്ടവനായിരുന്നു. വളരെ കഷ്ടപ്പെട്ട് അധ്വാനിച്ചു അതിൽ കിട്ടുന്ന വരുമാനം അയാളുടെ കുടുംബത്തിനു മതിയായിരുന്നു . ഒരു ദിവസം ജോലി ചെയ്തു വന്ന വൈകുന്നേരം അയാൾക്ക് വല്ലാതെ വിശന്നു. അയാൾ അടുക്കളയിൽ ചെന്ന് പാത്രമെടുത്തു നോക്കി. ഒന്നും കഴിക്കാനില്ല. അയാൾ ആലോചിച്ചു. " ഉം! ഇന്ന് രാത്രി എന്താണ് പാചകം ചെയ്യുക." ആ സമയത്ത് അയാളുടെ കുടിലിന്റെ വാതിലിൽ ഒരു കോഴി കരയുന്ന ശബ്ദം അയാൾ കേട്ടു. "ഏ ! ആ കോഴി ഇന്നെനിക്ക് ഒരു നല്ല വിരുന്നാകുമെന്നു തോന്നുന്നു.": അയാൾ പറഞ്ഞു. കുറച്ചു ബുദ്ധിമുട്ടിയെങ്കിലും ആ കോഴിയെ കൃഷിക്കാരൻ പിടിച്ചു. ആ കോഴിയെ പാചകം ചെയ്യാൻ വേണ്ടി ശ്രമിച്ചപ്പോൾ ആ കോഴി പെട്ടെന്നു സംസാരിച്ചു

: "കൃഷിക്കാരാ , എന്നെ ഒന്നും ചെയ്യരുത്. ഞാൻ നിന്നെ നന്നായി സഹായിക്കും." അപ്പോൾ കൃഷിക്കാരൻ ആശ്ചര്യത്തോടെ പറഞ്ഞു. "എന്താ ഇത് , ഈ കോഴി നന്നായി സംസാരിക്കുന്നുണ്ടല്ലോ. ഉം.. ശരി. അങ്ങനെയാണെങ്കിൽ നിന്നെ ഞാൻ കൊല്ലുന്നില്ല . പക്ഷെ , നീയെന്നെ ഏതു വിധത്തിൽ സഹായിക്കുമെന്നു പറയൂ." അപ്പോൾ കോഴി പറഞ്ഞു : "നീ എന്നെ കൊല്ലാതെ വിട്ടെങ്കിൽ ദിവസം ഒരു സ്വർണ മുട്ട വീതം തരും." അപ്പോൾ കൃഷിക്കാരൻ ആശ്ചര്യത്തോടെ പറഞ്ഞു :"ഏ! സ്വർണമുട്ടയോ ! അതും എന്നും തരുമോ ! പക്ഷെ ഈ കാര്യത്തിൽ എങ്ങനെ നിന്നെ വിശ്വസിക്കാം? ഒരു പക്ഷെ നീയെന്നെ ചതിച്ചാലോ ? ". അപ്പോൾ കോഴി പറഞ്ഞു : "നീയെന്നെ വിശ്വസിക്കണം . നാളെ നിനക്കു സ്വർണമുട്ട തന്നില്ലെങ്കിൽ നിനക്കെന്നെ കൊല്ലാം." അപ്പോൾ കൃഷിക്കാരൻ പറഞ്ഞു : "ശരി. നാളെ വരേയ്ക്കും നിനക്ക് വേണ്ടി ഞാൻ കാത്തിരുന്നു കൊള്ളും." ആ കൃഷിക്കാരൻ കുടിലിലേക്ക് പോയി ആ കോഴിയെ കൂട്ടിലടച്ചു. അടുത്ത ദിവസം കൃഷിക്കാരൻ കോഴി പറഞ്ഞതുപോലെ സ്വർണമുട്ട ഇട്ടിട്ടുണ്ടോ എന്നു നോക്കാൻ കോഴിക്കൂട്ടിലേക്ക് പോയി . "ഏ ! എന്താ ഇത്? ആശ്ചര്യമായിരിക്കുന്നല്ലോ. ഇതു ശരിക്കും സ്വർണമുട്ട തന്നെ ആണല്ലോ." അയാൾ ആ മുട്ടയും എടുത്തു കൊണ്ട് ചന്തയിൽ വില്ക്കാനായി പോയി . സ്വർണമുട്ടയും കൊണ്ട് ലേലം തുടങ്ങി. "ഇത് അദ്ഭുതമാണ് . സ്വർണമുട്ടയാണ്. വാങ്ങിക്കൊള്ളു ! ഇത് അതിശയമായ സ്വർണമുട്ട വാങ്ങിക്കൊള്ളു !" . ഇതു കേട്ട് എല്ലാവരും സ്വർണമുട്ട കാണുവാൻ അടുത്തുകൂടി. ഒരാൾ പറഞ്ഞു . "ആ സ്വർണമുട്ട എനിക്ക് വേണം. എത്ര പൈസ വേണമെങ്കിലും തരാം . അതെനിക്കു താ ." "പേടിക്കേണ്ട , ഇതു നിങ്ങൾക്കു തന്നെ തരാം. നാളെ ഇതു പോലൊരു മുട്ട കൊണ്ടു വരാം.എല്ലാരും കാത്തിരുന്നോളൂ". കൃഷിക്കാരൻ ആ സ്വർണമുട്ട വിറ്റു നല്ലൊരു തുക സമ്പാദിച്ചു. പിറ്റേ ദിവസം രാവിലെ

എഴുന്നേറ്റ് കോഴി സ്വർണമുട്ട ഇട്ടിട്ടുണ്ടോ എന്നു നോക്കാനായി കോഴിക്കൂട്ടിനടുത്തേക്കു പോയി.
"ആഹാ ! അദ്ഭുതം ! ഇനിയുമൊരു സ്വർണമുട്ടയോ ! ഇപ്പോൾ തന്നെ ഇതും വിറ്റു കളയണം ." അയാൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി. വീണ്ടും അയാൾ ആ മുട്ടയും കൊണ്ട് ചന്തയിലേക്ക് പോയി. "അതിശയമായ സ്വർണമുട്ട ! മേടിച്ചോളൂ !" "ഈ മുട്ട ഞാൻ വാങ്ങിക്കോളാം ." ഒരു സ്ത്രി പറഞ്ഞു . ദിവസം തോറും ആ കോഴി സ്വർണമുട്ട കൊടുത്തുകൊണ്ടെയിരുന്നു .കോഴി കൊടുത്ത സ്വർണമുട്ടയും കൊണ്ട് ആ കൃഷിക്കാരൻ നിറയെ പണം സമ്പാദിച്ചുകൊണ്ടെയിരുന്നു. അവൻ പണക്കാരനായി. അയാൾ ഭയങ്കര അഹങ്കാരിയായി മാറി. ഓരോ ദിവസം മുട്ട കൊണ്ടു പോയി വിൽക്കാൻ അയാൾക്ക് മടിയായി. അതുകൊണ്ട് അയാൾ ആ കോഴിയെ കൊന്ന് അതിനുള്ളിലെ അതിനുള്ളിലെ എല്ലാ മുട്ടയും എടുക്കാമെന്ന് ചിന്തിച്ചു . അവൻ ആ കോഴിയെ കൊന്നു അതിന്റെ വയറു തുറന്നു നോക്കി. പക്ഷെ അവനൊന്നും കിട്ടിയില്ല . അവന്റെ തെറ്റ് മനസിലായി. "സ്വർണമുട്ട കാണുന്നില്ല. ഇതിന്റെ ഉള്ളിലിരുന്ന സ്വർണ നിധി കാണുന്നുമില്ല." അവൻ നിരാശനായി കരഞ്ഞു . "കോഴിയെ കൊന്നു കുറെ സ്വർണമുട്ട എടുക്കാമെന്ന് ഞാൻ വിചാരിച്ചു. ഇപ്പോൾ എന്റെ കയ്യിൽ ഒന്നുമില്ലല്ലോ. "

<u>ഗുണപാഠം :: അത്യാഗ്രഹം ജീവൻ നശിപ്പിക്കും .</u>

# തത്തമ്മയും പ്രാവും

പണ്ട് പണ്ട് ഒരു നാട്ടിൽ ഒരു തത്ത ഉണ്ടായിരുന്നു. ആ നാട്ടിലെ സുന്ദരിയും സുമുഖിയും ആയിരുന്നു ആ തത്ത. ഒരു ദിവസം തത്ത ഒരു പ്രാവിനെ കണ്ടു തത്തയുടെ ചങ്ങാതിയായിരുന്നു പ്രാവ്. ഒരു ദിവസം പ്രാവ് പറഞ്ഞു നമുക്ക് വയലിൽ പോകാം. അപ്പോൾ തത്ത ചോദിച്ചു നമുക്ക് ഏത് വയലിൽ പോകാം നെൽ കൃഷിയുള്ള വയലിൽ പോകാം. തത്തയും പ്രാവും പറന്ന് വയലിൽ എത്തി. അപ്പോൾ തത്ത പറഞ്ഞു എത്ര മനോഹരമാണ് ഈ വയൽ? അപ്പോൾ തത്ത പറഞ്ഞു നമുക്ക് വേഗം പോകാം പ്രാവ് ചോദിച്ചു എന്തേ? തത്ത പറഞ്ഞു ഇവിടെ പരുന്തിന്റെ ശല്യം ഒരുപാടുണ്ട് അതുകൊണ്ട് നമുക്ക് വേഗം ഇവിടന്ന് പോകാം. പക്ഷേ അത് കേൾക്കാൻ പോലും പ്രാവ് കൂട്ടാക്കിയില്ല. അപ്പോൾ ഒരുകൂട്ടം പരുന്തുകൾ വന്ന് പ്രാവിനെ കൊത്തിയെടുത്ത് കൊണ്ടുപോയി. ഇതാണ് പറയുന്നത്. അഹങ്കാരം ആപത്തിലാണ് അവസാനിക്കുന്നത് എന്ന്.

# പുകയില ചീത്തയാണ്

ഒരിടത്ത് കൃഷിക്കാരനായ ഒരച്ഛനും മകനുമുണ്ടായിരുന്നു. അച്ഛനാണെങ്കിൽ പുകവലിക്കുന്ന ശീലമുണ്ടായിരുന്നു. ഒരു ദിവസം പാടത്ത് ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് അച്ഛൻ തലചുറ്റി വീണു, അച്ഛന് ബോധമില്ലായിരുന്നു. മകൻ ഉറക്കെ നിലവിളിച്ചു. വിളികേട്ട് ആളുകൾ ഓടിക്കൂടി അച്ഛനെ ആശുപത്രിയിൽ എത്തിച്ചു. അപ്പോഴേയ്ക്കും അച്ഛൻ മരിച്ചുപോയിരുന്നു. ശ്വാസകോശത്തിൽ തകരാറായിരുന്നു അങ്ങനെയാണ് മരിച്ചതെന്ന് ഡോക്ടർ പറഞ്ഞു. പിന്നീട് മകൻ ഒറ്റയ്ക്ക് പാടത്ത് ജോലി ചെയ്യാൻ തുടങ്ങി. കുറേ നാളുകൾ കഴിഞ്ഞതിനുശേഷം അതുവഴി ഒരാൾ പുകവലിച്ചുകൊണ്ട് പോകുകയായിരുന്നു. അപ്പോൾ അവന് അവന്റെ അച്ഛനെ ഓർമ വന്നു. അവൻ അദ്ദേഹത്തോട് പറഞ്ഞു. ”പുകവലി ചീത്തയാണ് അതിന് വലിയ വില കൊടുക്കേണ്ടിവരും. അത് ജീവൻ അപകടത്തിലാക്കും.”

# പ്രളയം വിഴുങ്ങിയ കേരളം 2018



മഹാപ്രളയം കേരളത്തെ ഒന്നാകെ മുക്കികളഞ്ഞ വർഷമായിരുന്നു 2018. 1924 ലെ പ്രളയത്തിനുശേഷം ഏറ്റവും വലിയ വെള്ളപ്പൊക്ക ദുരന്തത്തിനാണ് കേരളം സാക്ഷ്യം വഹിച്ചത്. ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെത്തുടർന്ന് മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെഅവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർധിപ്പിച്ചു. ചരിത്രത്തിലാദ്യമായി 54 അണക്കെട്ടുകളിൽ 35 എണ്ണവും

തുറന്നുവിടേണ്ടിവന്നു. 26 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ചു തുറന്നത്.

കനത്ത മഴയിലും പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായാണ് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത്. 14 പേരെ കാണാതായി. കാലവർഷം ശക്തമായ ഓഗസ്റ്റ് 21 ന് 3,91,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജിവിക്കേണ്ട അവസ്ഥയിലെത്തി. കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രതാ മുന്നറിയിപ്പ് പ്രഖ്യാപിച്ചു. പ്രാഥമിക വിലയിരുത്തൽ പ്രകാരം ഏകദേശം 40,000 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിന് സംഭവിച്ചത്.



<u>ദുരന്തകാരണം</u>?

ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് ദുരന്തം സംഭവിച്ചത്. അണക്കെട്ടുകളുടെ ഷട്ടറുകൾ തുറന്നുവിട്ടതാണ്

വെള്ളപ്പൊക്കത്തിന് കാരണമായതെന്ന ആരോപണങ്ങൾ കേന്ദ്ര ജല കമ്മീഷൻ തന്നെ തള്ളിയിരുന്നു. യഥാർത്ഥത്തിൽ ഡാമുകളിലേക്ക് ഒഴുകിയെത്തിയതിൽ ഒരു ഭാഗം മാത്രമാണ് പുറത്തേക്ക് തുറന്ന് വിട്ടത്. ഒരു ഭാഗം ജലം ഡാമിൽ തന്നെ പിടിച്ചു നിർത്തുകയും അത്രത്തോളം പ്രളയത്തിന്റെ രൂക്ഷത കുറയ്ക്കാനും സഹായകരമായി എന്നാണ് കേന്ദ്ര ജല കമ്മീഷന്റെ കണ്ടെത്തൽ. അന്തർ സംസ്ഥാന അണക്കെട്ടുകളുടെ ഏകോപനമില്ലായ്മ, ഒട്ടനവധി മേഘവിസ്ഫോടനങ്ങൾ, അന്തരീക്ഷത്തിലെ ന്യൂനമർദം എന്നിവയും ഈ പ്രളയത്തിന്റെ കാരണങ്ങളിൽ ചിലതുമാത്രമാണ്. നിലയ്ക്കാതെ പെയ്ത മഴവെള്ളത്തെ ഉൾക്കൊള്ളുവാൻ 41 നദികൾക്കോ അതിലെ 54 ജലസംഭരണികൾക്കോ സാധിച്ചില്ല. ശാന്തസമുദ്രത്തിൽ രൂപപ്പെട്ട ഷൻഷൻ, യാഗി എന്നീ ചുഴലിക്കാറ്റുകളും കേരളത്തിലെ കനത്തമഴയെ സ്വാധീനിച്ചിരുന്നുവെന്ന് കാലാവസ്ഥാ നിരീക്ഷകർ അഭിപ്രായപ്പെടുന്നു.ഇടുക്കിയിൽ ജലനിരപ്പ് ഉയർന്നിട്ടും ഷട്ടറുകൾ തുറക്കാൻ വൈകിയതാണ് പെരിയാറിന്റെ തീരങ്ങളെയും കൊച്ചി നഗരത്തിന്റെ ഭാഗങ്ങളെയും പൂർണമായി ജലത്തിനടിയിലാക്കിയത് എന്നാരോപണമുണ്ട്. തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള അപ്പർ ഷോളയാർ, പറമ്പിക്കുളം ഡാമുകളിലെ ഷട്ടർ തുറക്കുന്ന വിവരം യഥാസമയം കേരളം അറിയാതെ പോയതും വെള്ളപ്പൊക്കത്തിന്റെ ആഘാതം കൂടാൻ മറ്റൊരു കാരണമായി. ഡാം തുറക്കുന്നതിന് ഏതാനും മണിക്കൂർ മുൻപു മാത്രമാണു തമിഴ്നാട് വിവരം പുറത്തുവിട്ടത്. ബാണാസുരസാഗർ അണക്കെട്ട് മണ്ണ് കൊണ്ടാണ് നിർമിച്ചിരിക്കുന്നത്. അതിനാൽ പരമാവധി ജലനിരപ്പിൽ നിന്നും ഒട്ടും തന്നെ ജലം ഡാമിൽ നിർത്താൻ സാധ്യമല്ല. ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് 2018 ജൂലൈ 15 ന് ഡാം തുറന്ന് വെള്ളം പുറത്തേക്ക്

ഒഴുക്കിയിരുന്നു.വെള്ളം തുറന്നു വിട്ടപ്പോൾ ജലം കുത്തിയൊഴുകി വീടുകൾ തകർന്നും മറ്റും ദുരിതത്തിലായത് വയനാട്ടിലെ ഏഴ് പഞ്ചായത്തിൽ ഉള്ളവരാണ്.



**മഴക്കെടുതികൾ**

483 പേർ മരിച്ചു. കാണാതായവർ 14. പതിനാല് ലക്ഷത്തിലധികം ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ടിവന്നു

- വയനാട്ടിൽ മഴയും മണ്ണിടിച്ചിലും വ്യാപകമായ നാശനഷ്ടം വിതച്ചു, ചുരം ഇടിഞ്ഞ് യാത്ര തടസ്സപ്പെട്ടു

- ആഗസ്റ്റ് 28 വരെ നാലു ലക്ഷത്തോളം പക്ഷികളുടെയും 18,532 ചെറിയ മൃഗങ്ങളുടെയും 3,766 വലിയ മൃഗങ്ങളുടെയും ജഡങ്ങൾ സംസ്കരിച്ചു

- വ്യവസായ, വാണിജ്യ മേഖലകളിലെ നഷ്ടം ഏകദേശം 10,000 കോടി രൂപയോളം വരുമെന്നാണ് പ്രാഥമിക നിഗമനം

- നിരവധി റോഡുകൾ വെള്ളത്തിനടിയിലാവുകയും ഒലിച്ചുപോവുകയും ചെയ്തു. ഒട്ടേറെ പാലങ്ങൾ തകർന്നു

- നെടുമ്പാശ്ശേരി വിമാനത്താവളം രണ്ടാഴ്ചയോളം അടച്ചിടേണ്ടി വന്നു

റോഡ് ഗതാഗതം സ്തംഭിച്ചതും കൊച്ചിയിലേക്കുള്ള വിമാന സർവീസുകൾ മുടങ്ങിയതുംമൂലം വൻതോതിൽ ഹോട്ടൽ മുറികളുടെ ബുക്കിങ് റദ്ദാക്കപ്പെട്ടു

- മൂന്നാർ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും തീർത്തും നിർജ്ജീവമായി

- കേരള ടൂറിസത്തിന്റെ വിപണനത്തിൽ വലിയ പങ്കുള്ള ആലപ്പുഴ നെഹ്റു ട്രോഫി വള്ളംകളി പോലും മാറ്റിവയ്ക്കേണ്ടിവന്നു

- പ്രളയം മൂലം സിനിമകളുടെ റിലീസിംഗ് മാറ്റിവയ്ക്കേണ്ടിവന്നു. ഇതുമൂലം 30 കോടിയുടെ നഷ്ടമുണ്ടായെന്നാണ് ഫിലിം ചേമ്പർ ചൂണ്ടിക്കാട്ടുന്നത്

-പച്ചക്കറി, വാഴ, നെല്ല്, കപ്പ, നാണ്യവിളകൾ തുടങ്ങി എല്ലാ വിളകളും നശിച്ചു

- കതിരണിഞ്ഞ ഏക്കർകണക്കിന് വയലേലകൾ കുത്തിയൊഴുകിയെത്തിയ മലവെള്ളത്തിൽ മുങ്ങിപ്പോയി

കുട്ടനാട്ടിലും അപ്പർ കുട്ടനാടൻ മേഖലയിലും മാത്രം ഏകദേശം 10,495 ഹെക്ടർ പ്രദേശത്തെ നെൽകൃഷി നശിച്ചു

- വിലയിടിവുകൊണ്ടു നട്ടംതിരിഞ്ഞിരുന്ന കർഷകർക്ക് ഇരട്ടപ്രഹരമായി അതിവൃഷ്ടി

- തോട്ടം മേഖലയിലെ ആകെ നഷ്ടം 800 കോടിയിലധികമാണ്. 48,000 ഹെക്ടർ തോട്ടങ്ങളെയെങ്കിലും പ്രളയം ബാധിച്ചിട്ടുണ്ടെന്നാണ് വിലയിരുത്തൽ

- റബർ തോട്ടങ്ങൾക്കു മാത്രം ഏകദേശം 500 കോടിയിലധികം രൂപയുടെ നഷ്ടമുണ്ടായി

- വൈദ്യുതി വിതരണ സംവിധാനം താറുമാറായി. 25 ലക്ഷം ആളുകളുടെ വൈദ്യുതി കണക്ഷൻ നഷ്ടപ്പെട്ടു

- 28 സബ് സ്റ്റേഷനുകളും 5 ഉത്പാദന നിലയങ്ങളും പ്രവർത്തനം നിർത്തിവച്ചു

- പുറമെ 5 ചെറുകിട വൈദ്യുതി നിലയങ്ങൾ വെള്ളം കയറി തകർന്നു

<u>പ്രളയം നമ്മുടെ കൊല്ലം ജില്ലയിൽ</u>

ജില്ലയിലെ 44 വില്ലേജുകൾ പ്രളയബാധിതമായി പ്രഖ്യാപിച്ചിരുന്നു. 94 ദുരിതാശ്വാസ ക്യാംപുകൾ തുറന്നു. 4193 കുടുംബങ്ങളിലെ 14142 പേരെ മാറ്റി പാർപ്പിച്ചു. മൺറോതുരുത്തിലും കല്ലടയാറ്റിലും തുടർച്ചയായി മൂന്നു ദിവസത്തോളം ജലനിരപ്പ് ഉയർന്നു. കിടപ്രം, പെരുങ്ങാലം, പട്ടംതുരുത്ത്, കൺട്രാംകാണി ഭാഗങ്ങളിൽ നിന്ന് മുഴുവൻ കുടുംബങ്ങളേയും ഒഴിപ്പിച്ചു. ആയിരത്തിലധികം

കുടുംബങ്ങൾക്ക് ക്യാമ്പുകളിലും ബന്ധുവീടുകളിലും അഭയം തേടേണ്ടി വന്നു.



## രക്ഷകരായി മത്സ്യത്തൊഴിലാളികൾ

പത്തനംതിട്ട, എറണാകുളം ജില്ലകളിലെ അതിരൂക്ഷമായ പ്രളയക്കെടുതിയിൽ നിരവധി ജീവനുകൾ രക്ഷിച്ചത് കൊല്ലം ജില്ലയിലെ വാടിയിലേയും നീണ്ടകരയിലേയും തിരുവനന്തപുരത്തെ വിഴിഞ്ഞം, പൂന്തുറ എന്നിവിടങ്ങളിലേയും എറണാകുളം മുനമ്പത്തേയും മത്സ്യബന്ധന ബോട്ടുകളും അവയിലെ തൊഴിലാളികളുമാണ്. 94 മത്സ്യബന്ധന ബോട്ടുകളാണ് കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിന്നും രക്ഷാ പ്രവർത്തന ദൗത്യങ്ങൾക്ക് പത്തനംതിട്ടയിൽ എത്തിച്ചത്. മീൻപിടുത്തത്തിന് ഉപയോഗിക്കുന്ന ചെറുവള്ളങ്ങൾ മുതൽ വലിയ ബോട്ടുകൾ വരെയുള്ളവയാണ് പ്രളയസമയത്ത് മൂന്നു ദിവസങ്ങളിലായി രാവും പകലുമില്ലാതെ രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നത്. മലപ്പുറം വേങ്ങരയിൽ നിന്നുള്ള ഒരു ദൃശ്യം ദേശീയ മാധ്യമങ്ങളുടേയടക്കം ശ്രദ്ധയാകർ

ഷിച്ചു. മുതലമാട് പ്രായമേറിയ സ്ത്രീകളെയടക്കം ബോട്ടിൽ കയറ്റാൻ തന്റെ മുതുക്ക് ചവിട്ടുപടിയാക്കി നൽകിയ താനൂരിലെ മത്സ്യത്തൊഴിലാളി ജയ്സലാണ് വീഡിയോയിലെ താരം. രക്ഷാപ്രവർത്തനത്തിനിടയിൽ ബോട്ടിൽ കയറാൻ കഴിയാതിരുന്ന സ്ത്രീകൾക്കാണ് ഇദ്ദേഹം തന്റെ മുതുക് ചവിട്ടുപടിയാക്കി നൽകിയത്.

ആർമിയുടെ സേനാംഗങ്ങൾ ആവശ്യത്തിന് എത്തിയിരുന്നെങ്കിലും



ഇവർ കൊണ്ടുവന്ന പരിമിതമായ ബോട്ടുകൾ മാത്രം ഉപയോഗിച്ച് രക്ഷാപ്രവർത്തനം സാധ്യമായിരുന്നില്ല. തുടർന്ന് വാടി കടപ്പുറത്തു നിന്നും നീണ്ടകരയിൽ നിന്നും തിരുവനന്തപുരത്തു നിന്നും കണ്ണൂരിൽ നിന്നും എത്തിച്ച വള്ളങ്ങളും ബോട്ടുകളും രംഗത്തിറങ്ങിയതോടെയാണ് .രക്ഷാപ്രവർത്തനം കാര്യക്ഷമമായത്. ഹെലികോപ്ടർ

ഉപയോഗിച്ച് രക്ഷാപ്രവർത്തനം നടത്തുന്നുണ്ടായിരുന്നെങ്കിലും അഞ്ച് പേരെ മാത്രമാണ് ഒരു ഹെലികോപ്ടറിൽ ഒരു സമയം മാറ്റുവാൻ കഴിഞ്ഞത്. ഈ സമയത്ത് വലിയ മത്സ്യബന്ധന ബോട്ടുകളിൽ ഒരുസമയം 60 പേരെ വരെ രക്ഷപ്പെടുത്തുവാൻ കഴിഞ്ഞു. വലിയ ബോട്ടുകൾക്ക് അടുക്കുവാൻ കഴിയാത്ത സ്ഥലങ്ങളിൽ ചെറിയ വള്ളങ്ങൾ വിന്യസിപ്പിച്ചും ഇത് രണ്ടും സാധ്യമല്ലാത്ത സ്ഥലങ്ങളിൽ സ്പീഡ് ബോട്ടുകൾ ഉപയോഗിച്ചുമാണ് രക്ഷാപ്രവർത്തനം നടത്തിയത്. രക്ഷാപ്രവർത്തനത്തിനായി എത്തിച്ച ഒരു മത്സ്യബന്ധന ബോട്ട് പൂർണമായി തകരുകയും ആറു ബോട്ടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും ചെയ്തു.

രക്ഷാപ്രവർത്തനത്തിലേർപ്പെട്ട മത്സ്യതൊഴിലാളികളെ കേരളത്തിന്റെ സൈന്യം എന്ന് മുഖ്യമന്ത്രി വിശേഷിപ്പിച്ചു. സൈന്യം കൊണ്ടുവന്ന പരിമിതമായ ബോട്ടുകൾ മാത്രം ഉപയോഗിച്ച് രക്ഷാപ്രവർത്തനം സാധ്യമായിരുന്നില്ല. തുടർന്ന് വാടി കടപ്പുറത്തു നിന്നും നീണ്ടകരയിൽ നിന്നും തിരുവനന്തപുരത്തു നിന്നും കണ്ണൂരിൽ നിന്നും എത്തിച്ച വള്ളങ്ങളും ബോട്ടുകളും രംഗത്തിറങ്ങിയതോടെയാണ് .രക്ഷാപ്രവർത്തനം കാര്യക്ഷമമായത്. ഹെലികോപ്ടർ ഉപയോഗിച്ച് രക്ഷാപ്രവർത്തനം നടത്തുന്നുണ്ടായിരുന്നെങ്കിലും അഞ്ച് പേരെ മാത്രമാണ് ഒരു ഹെലികോപ്ടറിൽ ഒരു സമയം മാറ്റുവാൻ കഴിഞ്ഞത്. ഈ സമയത്ത് വലിയ മത്സ്യബന്ധന ബോട്ടുകളിൽ ഒരുസമയം 60 പേരെ വരെ രക്ഷപ്പെടുത്തുവാൻ കഴിഞ്ഞു. വലിയ ബോട്ടുകൾക്ക് അടുക്കുവാൻ കഴിയാത്ത സ്ഥലങ്ങളിൽ ചെറിയ വള്ളങ്ങൾ വിന്യസിപ്പിച്ചും ഇത് രണ്ടും സാധ്യമല്ലാത്ത സ്ഥലങ്ങളിൽ സ്പീഡ് ബോട്ടുകൾ ഉപയോഗിച്ചുമാണ് രക്ഷാപ്രവർത്തനം നടത്തിയത്. രക്ഷാപ്രവർത്തനത്തിനായി എത്തിച്ച ഒരു മത്സ്യബന്ധന ബോട്ട് പൂർണമായി തകരുകയും

ആറു ബോട്ടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും ചെയ്തു.

രക്ഷാപ്രവർത്തനത്തിലേർപ്പെട്ട മത്സ്യതൊഴിലാളികളെ കേരളത്തിന്റെ സൈന്യം എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വിശേഷിപ്പിച്ചു. രക്ഷാ പ്രവർത്തനത്തിനിടയിൽ തകർന്നുപോയ ബോട്ടുകളുടെ കേടുപാടുകൾ സർക്കാർ മേൽനോട്ടത്തിൽ തന്നെ തീർത്തുകൊടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നറിയിച്ചു. ദുരിതാശ്വാസ പ്രദേശത്ത് രക്ഷാ പ്രവർത്തനത്തിനായി എങ്ങനെയാണോ ബോട്ടുകളെ എത്തിച്ചത്, അതേ തരത്തിൽ തന്നെ അത് മടക്കിയെത്തിക്കണമെന്ന് നിർദ്ദേശവും നൽകി.ന്ത്രി പിണറായി വിജയൻ വിശേഷിപ്പിച്ചു. രക്ഷാ പ്രവർത്തനത്തിനിടയിൽ തകർന്നുപോയ ബോട്ടുകളുടെ കേടുപാടുകൾ സർക്കാർ മേൽനോട്ടത്തിൽ തന്നെ തീർത്തുകൊടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നറിയിച്ചു. ദുരിതാശ്വാസ പ്രദേശത്ത് രക്ഷാ പ്രവർത്തനത്തിനായി എങ്ങനെയാണോ ബോട്ടുകളെ എത്തിച്ചത്, അതേ തരത്തിൽ തന്നെ അത് മടക്കിയെത്തിക്കണമെന്ന് നിർദ്ദേശവും നൽകി.



# ഞങ്ങൾ പറയാം പ്രകൃതിയെ കുറിച്ച്

ഞങ്ങളെ ചുറ്റുമുള്ള ഏറ്റവും മനോഹരവും ആകർഷകവുമായ ചുറ്റുപാടിൽ പ്രകൃതിക്ക് ജീവിക്കാൻ നമ്മെ സ്വാഭാവിക പരിസ്ഥിതി പ്രദാനം ചെയ്യുന്നു. ഞങ്ങളുടെ പ്രകൃതി നമുക്ക് മനോഹരമായ പൂക്കൾ, ആകർഷകമായ പക്ഷികൾ, മൃഗങ്ങൾ, പച്ചക്കറികൾ, നീല ആകാശം, ഭൂമി, നദികൾ, കടൽ, വനങ്ങൾ, വായു, മലകൾ, താഴ്വരകൾ, മലകൾ തുടങ്ങിയ നിരവധി വസ്തുക്കൾ നൽകുന്നു.

നമ്മുടെ ആരോഗ്യകരമായ ജീവിതത്തിനായി നമ്മുടെ ദൈവം പ്രകൃതിയെ സൃഷ്ടിച്ചിരിക്കുന്നു. നാം ജീവിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളും പ്രകൃതിയുടെ സ്വത്തുക്കളാണ്, അത് നാം നശിപ്പിക്കാനും നഷ്ടപ്പെടാനും പാടില്ല.

പ്രകൃതിയുടെ മൗലികതയെ നാം നശിപ്പിക്കരുത്, കൂടാതെ ആവാസവ്യവസ്ഥയുടെ ചക്രത്തിൽ അസന്തുലിതമാക്കരുത്. ഞങ്ങളുടെ സ്വഭാവം ജീവിക്കുന്നതിനും ആസ്വദിക്കുന്നതിനും നമുക്ക് മനോഹരമായ പരിസ്ഥിതി പ്രദാനം ചെയ്യുന്നു, അതിനാൽ എല്ലാ നൻമഷങ്ങളിൽനിന്നും വൃത്തിയും വെടിപ്പുമുള്ളതു നിലനിർത്താനുള്ള ഞങ്ങളുടെ ഉത്തരവാദിത്വമാണ് അത്

ആധുനിക കാലഘട്ടത്തിൽ മനുഷ്യന്റെ സ്വാർഥവും ചീത്തയുമായ പല പ്രവർത്തനങ്ങളും പ്രകൃതിയെ വലിയ തോതിൽ അസ്വസ്ഥരാക്കുന്നു. എന്നാൽ നമ്മൾ എല്ലാവരും പ്രകൃതിയുടെ സൗന്ദര്യം നിലനിർത്താൻ ശ്രമിക്കണം.

പ്രശസ്തനായ ഒരു കവി എന്ന നിലയിൽ, "ഈ ജീവിതം എത്ര സുന്ദരമാണ്, നിൽക്കുന്നതും നോക്കി നിൽക്കുന്നതും ആയ സമയമാണ് നമ്മൾ". നമ്മൾ എല്ലാവരും മനസ്സിലാക്കി പ്രകൃതിയെ മനുഷ്യൻറെ ഏറ്റവും അടുത്ത സുഹൃത്ത് എന്നാണ്. നമ്മുടെ ചുറ്റുമുള്ള ശബ്ദങ്ങൾ കേൾക്കാനും കേൾക്കാനും സമയം കണ്ടെത്തുമോ? ഉത്തരം ദുഃഖകരമായ ഒരു വലിയ **NO** ആണ്. ഇന്ത്യ വളരെ മനോഹര സൗന്ദര്യത്താൽ അലങ്കരിച്ചിട്ടുള്ള ഒരു രാജ്യമാണ്. 'ഗോഡ്സ് ഓൺ രാജ്യം', 'സിറ്റി ഓഫ് ഗാർഡൻ', 'ഭൂമിയിലെ പറുദീസ' തുടങ്ങിയ സ്ഥലങ്ങളുണ്ട്. ഈ ദുരന്തങ്ങൾ ദൈവവചനം ക്രമേണ കുറഞ്ഞു വരുന്നു. പ്രമേഹരോഗികൾ, കൊളസ്ട്രോൾ, രക്തസമ്മർദം തുടങ്ങിയവ പോലുള്ള ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കാൻ രാവിലെ നടക്കാനിരിക്കുന്ന ആളുകൾ ഉണ്ട്.

ഞങ്ങൾ ഈ ആളുകളെ സൂക്ഷ്മമായി കാണുകയാണെങ്കിൽ, അവർ ഒരു പാർക്കിൽ വണ്ടിയുടെ മേലാടകളിലൂടെ നടക്കുന്നുണ്ടെങ്കിൽ, അവയുടെ ചുറ്റളവ് പറിച്ചെടുക്കുന്ന പക്ഷികളുടെ ശബ്ദങ്ങൾ, അവരുടെ ഹെഡ്സെറ്റ് അവരുടെ ചെവിയിൽ ചലിപ്പിക്കും. അവർ പക്ഷികളുടെ സംഗീതം കേട്ട്, കാറ്റിന്റെ കട്ടിലുകൾ ആസ്വദിച്ച്, അവർക്ക് ചുറ്റുമുള്ള ശുദ്ധവായു ആസ്വദിച്ച് ജീവിച്ചാൽ അത് കൂടുതൽ നന്നായിരിക്കുമായിരുന്നു. ഇത് നമ്മുടെ ആരോഗ്യത്തെ മെച്ചപ്പെടുത്തും. പല കവികളും പ്രകൃതിയുടെ മുഴുവൻ സൗന്ദര്യത്തെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. നമ്മൾ പ്രകൃതിയെ കൈപിടിച്ച് ജീവിച്ചാൽ, നാം സമ്മർദ്ദം ഒഴിവാക്കണം. നമുക്കെല്ലാം അറിയാം സ്ട്രെസ് എല്ലാ രോഗങ്ങൾക്കും പ്രധാന കാരണം. ഞങ്ങൾ വില്ലകൾ പണിയുമ്പോൾ, ചുറ്റുമുള്ള ആകാശ വഞ്ചനകളും കോൺക്രീറ്റ് കാട്ടുകളും നാം നിർമ്മിക്കുന്ന ഓരോ കെട്ടിടത്തിനും കുറഞ്ഞത് ഒരു മരം നടുന്നതിനെക്കുറിച്ച് ചിന്തിക്കണം. നമ്മൾ എല്ലാവരും നിലകൊള്ളണം.

# നന്ദി